"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - ലാൻഡ് റവന്യൂ കമ്മീഷണർക്കു താത്കാലികമായി അനുവദിച്ച് നൽകിയ KL 01 BL 2357 നമ്പറിലുള്ള Innova വാഹനം ദുരന്ത നിവാരണ കമ്മിഷണർക്ക് തിരികെ അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.938/2024/DMD തീയതി 06-12-2024,തിരുവനന്തപുരം

---

പരാമർശം:-
1) 14/8/2012 തീയതിയിലെ സ.ഉ(സാധാ)നം. 4730/2012/ഡിഎംഡി നമ്പർ ഉത്തരവ്
2) 05/09/2014 തീയതിയിലെ സ.ഉ(സാധാ)നം.3582/2016/ഡിഎംഡി നമ്പർ ഉത്തരവ്
3) 01/10/2020 തീയതിയിലെ സ.ഉ(സാധാ)നം.772/2020/ഡിഎംഡി നമ്പർ സർക്കാർ ഉത്തരവ്
4) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 08/04/2021 തീയതിയിലെ DM/1002/2012/SDMA നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഓഫീസ് ആവശ്യങ്ങൾക്കായി KL 01 BL 2357 നമ്പറിലുള്ള Innova വാഹനം പരാമർശം (1) ഉത്തരവ് പ്രകാരം സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പേരിൽ വാങ്ങിയിരുന്നതും ടി വാഹനം പരാമർശം (2) ഉത്തരവ് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറുടെ ഉപയോഗത്തിനായി താത്കാലികമായി സർക്കാർ അനുവദിച്ചു നൽകുകയും ചെയ്തിട്ടുള്ളതാണ്. പരാമർശം (3) ഉത്തരവ് പ്രകാരം ദുരന്ത നിവാരണ വകുപ്പ് കമ്മീഷണറെ സർക്കാർ നിയമിക്കുകയും, കമ്മീഷണർക്കു ഔദ്യോഗിക ആവശ്യങ്ങൾക്കായി നിലവിൽ അനുയോജ്യമായ വാഹനം ലഭ്യമല്ലാത്തതിനാലും ലാൻഡ് റവന്യൂ കമ്മീഷണർക്കു പുതിയ വാഹനം ലഭ്യമായിട്ടുള്ള സാഹചര്യത്തിലും ലാൻഡ് റവന്യൂ കമ്മീഷണർക്കു താത്കാലികമായി അനുവദിച്ച KL 01 BL 2357 നമ്പറിലുള്ള Innova വാഹനം ദുരന്ത നിവാരണ കമ്മിഷണറുടെ ആവശ്യങ്ങൾക്കായി തിരികെ അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി അപേക്ഷിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ലാൻഡ് റവന്യൂ കമ്മീഷണറുടെ ഉപയോഗത്തിനായി താൽകാലികമായി അനുവദിച്ചു നൽകിയിരുന്ന KL 01 BL 2357 നമ്പർ Innova വാഹനം തിരികെ ലഭ്യമാക്കി ദുരന്ത നിവാരണ കമ്മീഷണറുടെ ആവശ്യത്തിനായി ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അഭിലാഷ് എസ്

അണ്ടർ സെക്രട്ടറി

കമ്മീഷണർ , ദുരന്ത നിവാരണം
കമ്മീഷണർ, ലാൻഡ് റവന്യൂ
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sivaprasad V N
Date: 06-12-2024 11:34:26
സെക്ഷൻ ഓഫീസർ